



# രാജീവരത്നം

R 14

ാസക്കുട്ടി കാപ്പൻ

shilpa

# രാജീവരത്‌നം

(ഖണ്ഡകാവ്യം)

DHARMARAM COLLEGE
LIBRARY
BANGALORE-29

—റോസക്കുട്ടി കാപ്പൻ—

SR. ROSAKUTTY KAPPEN S.H.C.
KOTHAMANGALAM

10.00 ജനത തേവര

DHARMARAM COLLEGE LIBRARY
Ac. No. 59329
Call No. T61/K14

Distribution:

**Janatha Book Stall, Thevara, Kochi - 682013**

Brs: ERNAKULAM, ALUVA, CHERTHALA, KALADY, PARUR, KOTHAMANGALAM, THEVARA, VAIKOM, THODUPUZHA, MUVATTUPUZHA.

Malayalam : **RAJEEVA RATNAM** (A Narrative Poem)
Author : Rosakutty Kappen
Published by : Rosakutty Kappen - Aug. 1991
Copy right : Rosakutty Kappen 1991
Printed at : Mar Mathews Press, Muvattupuzha
Cover Design : Somu

SN 00403 919208 D 55 Copies 5000

കെ. കരുണാകരൻ
കേരള മുഖ്യമന്ത്രി

തിരുവനന്തപുരം
30-8-1991

# ആശംസ

രാജീവ്ഗാന്ധിജി ഭാരതത്തിൻെറ ഭാഗ്യനക്ഷത്രമായിരുന്നു. ലോകത്തിലെ ഏററവും വലിയ ജനാധിപത്യരാഷ്ട്രത്തിൻെറ പ്രഗത്ഭ സാരഥിയായിരുന്ന ആ കർമ്മധീരൻ വിദ്വേഷരാഷ്ട്രീയത്തിൻെറ വിധ്വംസക ഹസ്തങ്ങൾക്കിരയായി അകാലത്തു നമ്മെ വിട്ടുപിരിഞ്ഞുപോയി. ജനാധിപത്യത്തിനും മതനിരപേക്ഷതയ്ക്കും ജാതി-മത-വർഗ്ഗ-ദേശ വിഭാഗീയ ചിന്തകൾക്കും അതീതമായ അഖണ്ഡഭാരതം എന്ന മഹനീയാദർശത്തിനായുള്ള ധർമ്മസമരത്തിൽ ഇന്ദിരാജി ജീവരക്തംചൊരിഞ്ഞ ആ ദുരന്തസംഭവത്താൽ ദുഃഖനിമഗ്നമായ ഭാരതം ഉണർന്നു് കർമ്മനിരതമായതു് രാജീവ്ജി രാഷ്ട്രീയരംഗത്തു വന്നതോടുകൂടിയാണ്. അനിവാര്യമായിത്തീർന്നപ്പോൾ അദ്ദേഹം സന്ദർഭത്തിനൊത്തു് ഉയരുകയും ദീർഘകാലംകൊണ്ടുമാത്രം നേടാവുന്ന ഉൾക്കാഴ്ചയും ദീർഘവീക്ഷണവും സമചിത്തതയും പ്രകടിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ ഭരണനേതൃത്വം ഇന്ത്യയുടെ സാമ്പത്തികനിലവാരവും ജനജീവിതനിലവാരവും ഉയർത്തി. ശാസ്ത്രസാങ്കേതികമേഖല ശക്തിപ്പെടുത്തി. സർവതോന്മുഖമായ വികസനപ്രവത്തനങ്ങളിൽക്കൂടി ഇന്ത്യയെ 21-ാം നൂററാണ്ടിലേക്കു നയിക്കാനുള്ള മഹായത്നത്തിൽ ഉദ്യുക്തനായിരുന്ന രാജീവ്ജി നിരാ

യുധീകരണത്തിന്റേയും ലോകസമാധാനത്തിന്റേയും വക്താവായിരുന്നു. ഇന്ത്യയുടേയും ലോകത്തിന്റേയും പ്രത്യാശയായിരുന്ന ആ തേജ:പുഞ്ജത്തെയാണ് ഭീകര പ്രവർത്തകരുടെ കരാളഹസ്തങ്ങൾ കെടുത്തിക്കളഞ്ഞത്.

ലോകരാഷ്ട്രങ്ങളേയും, ഭാരതത്തേയും ദുഃഖപൂരിതമാക്കിയ ആ സംഭവത്തിൽ ഒരു കവിഹൃദയത്തിന്റെ പ്രതികരണമാണ് 'രാജീവരത്നം' എന്ന ഈ ഖണ്ഡകാവ്യം. രാജീവ്ജിയുടെ വിയോഗത്തിലുള്ള തീവ്രമായ ശോകം, നഷ്ടബോധം, അദ്ദേഹത്തിന്റെ ആദർശങ്ങളേയും സ്വപ്നങ്ങളേയും കുറിച്ചുള്ള സ്മരണകൾ, ഇന്ത്യയുടെ ഭാവിഭാഗധേയത്തെക്കുറിച്ചുള്ള പ്രതീക്ഷകൾ – ഇതെല്ലാമാണ് ആദരണീയ സന്ന്യാസിനീസഹോദരിയായ റോസക്കുട്ടി കാപ്പന്റെ കവിഹൃദയത്തെ ചലിപ്പിക്കുന്നതും ആത്മാവിഷ്കാരത്തിനു പ്രചോദനം നൽകുന്നതും. രാജീവ്ജിയുടെ അനശ്വരതയിലേക്കുള്ള പ്രയാണത്തിൽ നിറകണ്ണുകളോടെ വിടപറയുന്ന ഈ കാവ്യത്തിനും കവയിത്രിയായ സഹോദരിക്കും ഞാൻ എല്ലാ വിജയങ്ങളും ആശംസിക്കുന്നു. രാജീവ്ജിയുടെ മഹനീയാദർശങ്ങൾ സാക്ഷാത്കരിക്കാനുള്ള യത്നത്തിനു ഈ കാവ്യം വായനക്കാർക്ക് വൈകാരികമായ പ്രചോദനം നൽകുമെന്നു പ്രത്യാശിക്കുന്നു.

ഒപ്പ്
(കെ. കരുണാകരൻ)

## ഇതരകൃതികൾ

| | |
|---|---|
| മുത്തുമണികൾ | (കവിത) |
| വാനമ്പാടി | ,, |
| റാണി | ,, |
| ദീപശിഖ | ,, |
| തീർത്ഥം | ,, |
| നിവേദിത | ,, |
| ഉദയരശ്മി | (ഭക്തിഗാനങ്ങൾ) |
| പുഞ്ചിരിക്കുന്ന അമ്മ | (ജീവചരിത്രം) |
| ദേവസഹായംപിള്ള | ,, |
| വേദസാക്ഷി ദേവസഹായംപിള്ള | ,, |
| മാഗിമോൾ | (കഥകൾ) |
| ജ്യോതിഷ്പഥം | ,, |
| മൂടൽമഞ്ഞിൽ മൂന്നാഴ്ച | (ആത്മകഥ) |
| സൗഖ്യപ്രകാശം | (പരിഭാഷ) |

(ആഗ്നസ് സാൻഫോർഡിന്റെ ആത്മകഥ)

---

## റോസക്കുട്ടി കാപ്പൻ

1929 ഏപ്രിൽ 22-ന് തൊടുപുഴയ്ക്കടുത്ത് കോടിക്കുളത്ത് ജനിച്ചു. 1950-ൽ കോതമംഗലം എസ്. എച്ച്. സന്ന്യാസിനീ സമൂഹത്തിൽ ചേർന്നു. മുതലക്കോടം, പൈങ്കുളം എന്നിവിടങ്ങളിൽ സ്കൂൾ അദ്ധ്യാപികയായും മൂവാററുപുഴ നിർമ്മലകോളേജിൽ ലക്ചററായും മുപ്പത്തിയഞ്ചുവർഷം സേവനം അനുഷ്ഠിച്ചു. 1984-ൽ നിർമ്മലകോളേജിൽനിന്നു റിട്ടയർ ചെയ്തു. അദ്ധ്യാപികയായിരിക്കെ ഹിന്ദിയിലും മലയാളത്തിലും ബിരുദാനന്തരബിരുദം നേടി. കൊച്ചി പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ നാലുവർഷം സ്റ്റാഫായിരുന്നു. ഇപ്പോൾ കോതമംഗലം സന്ന്യാസിനീ സമൂഹാംഗമാണ്. ഇപ്പോഴും സാഹിത്യസേവനത്തിലും ഇതര സേവനരംഗങ്ങളിലും തത്പരയാണ്.

വിലാസം:

എസ്. എച്ച്. പ്രൊവിൻഷ്യൽ ഹൗസ്
കോതമംഗലം-686691

## രണ്ടുവാക്ക്

രാജീവരത്നം എന്ന ഈ ഖണ്ഡകാവ്യം എൻെറ സാഹിത്യലതികയിൽ വിടർന്ന പതിനാറാമത്തെ കുസുമമാണ്. ആർഷഭാരതത്തിൻെറ കണ്ണിലുണ്ണിയായി, ആശയും ആവേശവുമായി, നടുനായകനായി, വിശ്വജനതയുടെ സമാരാധ്യ സുഹൃത്തായി, ഭരണരഥത്തിലേക്കു ശീഘ്രം കുതിച്ചുയർന്ന സാരഥിയായി വിരാജിക്കെ, തമിഴ്നാട്ടിലെ ശ്രീപെരുമ്പുത്തൂരിൽ ഇക്കഴിഞ്ഞ മെയ് 21–ന് നിഷ്ഠുരണം വധിക്കപ്പെട്ട രാജീവ്ജിയുടെ ദുഃഖസ്മൃതികളാണ് ഈ ഖണ്ഡകാവ്യത്തിൻെറ ഉൾപ്പൊരുൾ.

'രാജീവരത്ന'ത്തിൻെറ പ്രസാധനത്തിൽ നിസ്വാർത്ഥമായി സഹകരിച്ച ഏവർക്കും വിശിഷ്യ, ബഹു. കേരള മുഖ്യമന്ത്രി ശ്രീ കെ. കരുണാകരൻ, പ്രൊഫ. മാത്യു ഉലകംതറ, ഫാ. ജോസഫ് പുത്തൻകുളം, സർവ്വശ്രീ കോതമംഗലം എം. എൽ. എ. വി. ജെ. പൗലോസ്, മൂവാററുപുഴ എം. എൽ. എ. അഡ്വക്കററ് ജോണി നെല്ലൂർ, ഗോപി കൊട്ടുങ്ങല്ലൂർ, കടുത്തുരുത്തി എം. എൽ. എ. പി. എം. മാത്യു, ആൻറണി മാത്യു ഇലഞ്ഞിക്കൽ, ജോയി കല്ലുത്ത് എന്നിവർക്കു് നന്ദി അർപ്പിക്കുന്നു.

ഈ കൃതിയുടെ മുദ്രണം ഇത്ര കമനീയമായി നിർവ്വഹിച്ച മൂവാററുപുഴ മാർ മാത്യൂസ് പ്രസ് മാനേജർക്കും സ്റ്റാഫിനും ഹൃദയം മുററിയ കൃതജ്ഞത.

വിതരണം സസന്തോഷം ഏറെറടുത്ത തേവര ജനത പബ്ളിക്കേഷൻസ് മാനേജർ ഫാ. തോമസ് പാലയ്ക്കൽ സി. എം. ഐ. അവർകൾക്കും നന്ദി.

സവിനയം

റോസക്കുട്ടി കാപ്പൻ

# ആമുഖം

തപിക്കുന്ന ആത്മാവുകൾക്കുവേണ്ടി നിതാന്തമായി പ്രാർത്ഥിക്കുന്ന തേജസ്വിനിയായ ഒരു തപസ്വിനിയാണ് സിസ്റ്റർ റോസക്കുട്ടി കാപ്പൻ. ധ്യാനനിരതമായ ആത്മാവിന്റെ സമർപ്പണംകൊണ്ട് ഏതന്ധകാരത്തിലും വെളിച്ചം പ്രസരിപ്പിക്കാമെന്ന് സ്വജീവിതംകൊണ്ട് അവർ അഭിവ്യക്തമാക്കി. വ്യക്ത്യനുഭവത്താൽ വന്നുഭവിച്ച പരീക്ഷണാത്മകമായ ഈ സാഹചര്യം, തീക്ഷ്ണതയും ഉദ്വിഗ്നതയും ഇടതൂർന്ന സവിശേഷമായ ഒരു ജീവിതമുഹൂർത്തം, വിലോലമനസ്സിന്റെ ധ്യാനാത്മകതകൊണ്ട് പവിത്രീകരിച്ച് സംശുദ്ധമാക്കിയ ദൃഷ്ടാന്തമാണ് യഥാർത്ഥത്തിൽ റോസക്കുട്ടി കാപ്പന്റെ 'മൂടൽമഞ്ഞിൽ മൂന്നാഴ്ച'. മനസ്സിനെ മഥിക്കുകയും വിമലീകരിക്കുകയും ചെയ്ത ആ ഗ്രന്ഥവുമായുള്ള സാമീപ്യമാണ് സിസ്റ്ററുടെ സാഹിതീയ കാഴ്ചപ്പാടുകളിലേക്ക് എന്നെ ആനയിച്ചത്. സ്വാച്ഛന്ദ്യത്തിനും നൈർമ്മല്യത്തിനുംവേണ്ടി ഉഴലുന്ന ഒരു ശുദ്ധാത്മാവിന്റെ മൃദുലമായ സാന്നിധ്യം ആ ഗ്രന്ഥത്തിൽ നിന്ന് എനിക്കു സ്വായത്തമായി.

ഒരുപക്ഷെ, 'മൂടൽമഞ്ഞിൽ മൂന്നാഴ്ച്ച' എന്ന ഗ്രന്ഥവുമായുള്ള എന്റെ ഹൃദയബന്ധമാണ് 'രാജീവരതം' എന്ന സിസ്റ്ററുടെ ഖണ്ഡകാവ്യത്തിന് ഒരു നിബന്ധം തയാറാക്കാൻ പ്രേരകമായി വർത്തിച്ചിരിക്കുക.

ഭാരതത്തിന്റെ ആശയും ആവേശവുമായിരുന്ന രാജീവ്ഗാന്ധി തെരഞ്ഞെടുപ്പു പ്രചാരണത്തിനിടയിൽ

ശ്രീപെരുംപുതൂരിൽവച്ച് ആകസ്മികമായി വധിക്കപ്പെട്ടു. ഒരൊററ ഇന്ത്യ എന്ന മധുരോദാരമായ സങ്കല്പത്തിൻെറ മൂത്തിമത്ഭാവമായാണ് രാജീവ്ജി ഭാരതീയ മനസ്സുകളിൽ പ്രതിഷ്ഠിക്കപ്പെട്ടതു്. അതുകൊണ്ടുതന്നെ, അദ്ദേഹത്തിൻെറ ദാരുണമായ അന്ത്യം ധാമ്മികതയ്ക്കു സംഭവിച്ച കടുത്ത ആഘാതമായി പരിണമിക്കുകയും ചെയ്തു. ബൗദ്ധികമനസ്സുകളെ മുഴവൻ വിറങ്ങലിപ്പിച്ച, ജനാധിപത്യം കശാപ്പുചെയ്യപ്പെടുന്നു എന്ന അവബോധമാണ് കവയിത്രിയെ ഈ സ്ഫോടനാത്മകമായ സമകാലിക സംഭവം കവിതയിലേക്ക് രൂപകല്പന ചെയ്യാൻ പ്രേരകമായി വത്തിച്ചിരിക്കുക.

അന്ത:സംഘർഷത്തിൽനിന്നേ നല്ല കവിത–ഉദാത്തമായ സാഹിത്യം–പിറവിയെടുക്കൂ. സുശാന്തമായ മനസ്സ് സായൂജ്യത്തിനുവേണ്ടി ഉഴലുമ്പോഠം നിതാന്തസംഘർഷഭരിതമായ മനസ്സിൽനിന്നു് വാക്കുകഠം വാങ്മയങ്ങളായി പ്രതീകവത്കരിക്കപ്പെടുന്നു. ഒററപ്പെട്ട തുരുത്തുകളെ ഒരു മഹാപ്രവാഹം ഒന്നിപ്പിക്കുന്നതുപോലെ, ശിഥിലീകരിക്കപ്പെട്ട ഭാരതീയമനസ്സുകളെ ഖണ്ഡകാവ്യത്തിലുലാവുന്ന കാവ്യമുഹൂർത്തങ്ങളിലൂടെ, ഒരു ടെലസ്കോപ്പിലൂടെയെന്നപോലെ, നമ്മുടെ ജീവിതബോധങ്ങളിലേക്ക് ആനയിക്കുന്നു സിസ്റ്റർ കാപ്പൻ. യഥാത്ഥത്തിൽ, രാജീവ് വിഭാവനം ചെയ്ത ഒരൊററ ഇന്ത്യ എന്ന സങ്കല്പത്തെ തുടർന്നുള്ള ജീവിതംകൊണ്ടു് ഓരോ ഭാരതീയനും സാക്ഷാത്കരിക്കണമെന്നു് ഈ ഗ്രന്ഥം നമ്മോടു മധുരമായി സംവദിക്കുന്നു. ഇവിടെയാണ് കവിത പ്രചാരണത്തിൻെറ പ്രചണ്ഡകോലാഹലങ്ങഠം പരിത്യജിച്ച് മനുഷ്യമനസ്സിൻെറ വിലോലതന്ത്രികഠംക്കുള്ള ഉജ്ജീവനമായി വർത്തിക്കുന്നതു്. അതുകൊണ്ടുതന്നെ, ഈ രചന സമകാലികമായ ഒരു സംഭവ

ത്തോടുള്ള ക്ഷിപ്രപ്രതികരണമെന്നതിനേക്കാളുമേറെ, പിടയുന്ന ഒരു മനസ്സിൻെറ കാവ്യാത്മകമായ അഭിവീക്ഷണമായി ഇവിടെ പരിണമിക്കുന്നു. ഭാരതീയമനസ്സിൻെറ ചിരന്തനവും ആസ്തികൃനിഷ്ഠവുമായ അവബോധങ്ങളിലേക്കു് ആഴ്ന്നിറങ്ങാനുള്ള ഒരുാംവിളി പ്രദാനം ചെയ്യുന്നുവെന്നതാണു് 'രാജീവരത്ന'മെന്ന ഈ ഖണ്ഡകാവ്യം നമ്മിൽ ഉദ്ദീപ്തമാക്കുന്നതു്.

''വിബുദ്ധഭാരതത്തിനായ് ഒരമ്മതൻ വികാരമേറെറടുത്തു്'' രാഷ്ട്രത്തിൻെറ ഭരണതന്ത്രം തിരിക്കുന്ന സമർത്ഥനായ ഒരു യുവാവിൻെറ— പ്രധാനമന്ത്രിയായുയരുന്ന രാജീവ് ഗാന്ധിയുടെ— നഖചിത്രം അനാവരണം ചെയ്തുകൊണ്ടാണു് കവിത ആരംഭിക്കുന്നതു്. രാജീവിൽ വരുന്ന ഓരോ പരിണാമത്തിനും തദനുസൃതമായി ഭൗതിക–രാഷ്ട്രീയ–സാമൂഹികമായ ഭാരതീയ ജീവിതത്തിൻെറ മുഖ്യധാരകാം കവയിത്രിയുടെ വീക്ഷണചക്രവാളത്തെ വികസ്വരമാക്കുന്നുണ്ടു്.

രാജ്യഭാരം തോളിലേററി നടന്ന നാളുകാം, വിഭാതവേളതൊട്ടു് രാത്രിയേറെ വൈകുവോളം വിശുദ്ധകർമ്മപൂജ നടത്തി കൃതാർത്ഥനായി വാണിരുന്ന സാഹചര്യം, പവിത്രയായ ജന്മഭൂമിക്കായി ജനസേവനം മുഖമുദ്രയാക്കി വിടർന്ന പുഞ്ചിരിയോടെ ജനമദ്ധ്യത്തിലേക്കു് ഇറങ്ങിത്തിരിച്ചതു്, പ്രജാധിപത്യ സുസ്ഥിതിക്കായി സ്വജീവിതം പ്രതിഷ്ഠിച്ചതു്—ഇങ്ങനെ സുസ്മരണീയമായ ഒട്ടേറെ കാവ്യചിത്രങ്ങാം കവയിത്രി മെനഞ്ഞെടുക്കുന്നു. ഒടുവിൽ സംഭവിച്ചതോ—കവയിത്രിയുടെ വരികാം തന്നെ ശ്രദ്ധിക്കുക:

"എനിക്കു ചുററുമായിരങ്ങളൊത്തുകൂടിയെങ്കിലും,
എനിക്കു ഭക്ഷ്യപേയമങ്ങൊരുക്കിവച്ചുവെങ്കിലും,
അവർക്കിടസ്ഥമുഗ്രമാം വിഷംവമിക്കുമാളുകൾ
അതീവജാഗരൂകരെന്നറിഞ്ഞതില്ല തെല്ലുമേ."

ഭീതിദമായ ശാപഗ്രസ്തതപോലെ ഭാരതീയ മനസ്സുകളിൽ കരാളത പരത്തിയ ദുശ്ചിന്തയുടെ മൂടുപടം ഉരിഞ്ഞുകളയാനുള്ള വിളംബരമാണ് ഈ ഖണ്ഡകാവ്യമെന്നു് പറയാതെ വയ്യാ. രക്തമിററിററുവീണ ഭാരതത്തിൻെറ മണ്ണിനെ ശുദ്ധീകരിക്കാനും ഉത്തരവാദിത്വവും പൗരുഷവുമുള്ള ഒരു ജനതതി അവരുടെ സ്വപ്നം സാക്ഷാത്കരിക്കാനും ഉരുവിടുന്ന ഒരു തേജസ്വിനിയുടെ മന്ത്രാക്ഷരങ്ങളായി ഇതിലെ വരികൾ പരിലസിക്കട്ടെ എന്നു് ആശംസിച്ചുകൊണ്ടു്, എല്ലാ ഭാവുകങ്ങളും ഈ ഗ്രന്ഥത്തിനു് അർപ്പിക്കുന്നു.

കോട്ടയം
28-7-'91 ഗോപി കൊടുങ്ങല്ലൂർ

കവിത്വമെന്ന സൗരഭം തുളുമ്പിടുന്ന റോസിവൻ,
ജഗത്തിനുള്ള മുള്ളിൽവീണു ചെന്നിണം സ്രവിപ്പവൻ,
ജയിപ്പു കാപ്പനപ്പിതാത്മസത്വയായ് ധരിത്രിതൻ
വരിഷ്ഠരാജരത്നസൽക്കഥാന്ത്യമാലപിപ്പവൻ !

(പ്രൊഫ. മാത്യു ഉലകംതറ)

# കാപ്പൻ കവിത വിമർശകദൃഷ്ടിയിൽ

ദാവീദിൻെറയും സോളമൻെറയും ഗീതങ്ങൾപോലെ ആത്മാർത്ഥത മുററിനില്ക്കുന്ന അനവധി കവിതകളുടെ ഉടമയാണ് സിസ്റ്റർ റോസക്കുട്ടി കാപ്പൻ. ഉപാസനയിലൂടെ തപഃസിദ്ധിയിൽ എത്തുന്നതിൻെറ പുളകങ്ങൾ അവിടവിടെ മുളപ്പിച്ചുകൊണ്ടു് കവനകലയെ അവർ ധന്യയാക്കുന്നു. സ്വജീവിതം ക്രിസ്തുവിൻെറ പാദാരവിന്ദങ്ങളിൽ അടിയറവയ്ക്കുകയും സ്വയം ബലിയാവുകയും ചെയ്യുന്ന ഒരു തീജ്വാലയായി ഈ ഭക്ത സ്വയം സങ്കല്പിക്കുന്നു. മലയാള കാവ്യശാഖയിൽ മതാത്മകമായ മാർഗ്ഗം സ്വീകരിച്ചു്, നിസർഗ്ഗരമണീയങ്ങളും രസനിഷ്യന്ദികളുമായ കവിതകളിലൂടെ അന്തരാത്മാവിൽ വെളിച്ചം വിതറുന്ന ഈ കവയിത്രിക്കു് ജഗദീശ്വരൻെറ കൃപാതീർത്ഥം ആവോളം ആസ്വദിക്കാനിടയാകട്ടെ എന്നാണെൻെറ ആശംസ.

—പാലാ നാരായണൻ നായർ (തീർത്ഥം p. 10)

എന്തിനും ഒരേയൊരു പരിഹാരമേയുള്ളു – ഈശ്വരൻ എന്ന മുദ്രാവാക്യം എഴുത്തച്ഛൻ, പൂന്താനം, മേല്പത്തൂർ തുടങ്ങിയ എത്രയോ ഭക്തകവികൾ ഉരുവിട്ടതാണു്. എന്നാൽ, ഈ ശാസ്ത്രയുഗത്തിൽ അവരുടെ പരമ്പരയിലെ കവികളെ കണ്ടെത്താൻ കഴിയുന്നതു് ഭക്തിസാഹിത്യത്തിനു് എക്കാലവും വേരോട്ടമുണ്ടു് എന്നതിനു തെളിവാണു്. റോസക്കുട്ടി കാപ്പൻ ഭക്തികാവ്യങ്ങളിലൂടെ തൻെറ സന്ന്യാസിനീ

ജീവിതം അർത്ഥവത്താക്കുന്നു. അവർ ഭക്തിയുടെ ദീപനാളവുമായി തന്റെ ഹൃദയനാഥന്റെ സമക്ഷം ആത്മനിവേദനത്തിന്റെ ലയാനുഭൂതിയാർന്നു നില്ക്കുന്നു. ഭക്തിസാഹിത്യത്തിന്റെ പുനരുത്ഥാനംതന്നെയാണ് ഇതെന്നു പറയാം.

— ഡോ. തോന്നയ്ക്കൽ നാരായണൻ
(നിവേദിത-കവിതകൾ)

ഈശ്വരാർപ്പിത ജീവിതം നയിക്കുന്നവർക്ക് പ്രപഞ്ചത്തെയും മനുഷ്യനെയും തങ്ങളെത്തന്നെയും ഒരു പുതിയ വെളിച്ചത്തിൽ കാണുവാൻ സാധിക്കുന്നു. എല്ലാ സംഭവങ്ങളുടെയും ചലനങ്ങളുടെയും പ്രതിഭാസങ്ങളുടെയും പിന്നിൽ അഗാധമായൊരു ആന്തരികാർത്ഥം അവർ ദർശിക്കുന്നു. കറകളഞ്ഞ ക്രാന്ത ദർശിത എന്ന് ഇതിനെ വിളിക്കുന്നതിൽ തെറ്റില്ല. സിസ്റ്റർ കാപ്പൻ സ്വയം തെരഞ്ഞെടുത്ത വ്യക്തിപരമായ ജീവിതസരണിയുമായി ബന്ധപ്പെട്ട, തീക്ഷ്ണമായ മതാനുഭൂതികൾ അവരുടെ കവിതയ്ക്ക് മനോഹരമായ പരിവേഷമണിയിക്കുന്നു.

—പ്രൊഫ. ജോസഫ് അഞ്ചനാട്ട് (വാനമ്പാടി p. 5)

# രാജീവരത്നം

1

പ്രപഞ്ചസംവിധായകാ, ജയിക്ക ജീവജ്യോതിസ്സേ;
പ്രണാമമേകിടുന്നിതാ വിനീത പാദസേവകൻ.
നിഴൽ വിരിക്കുകെന്നിലിപ്പദങ്ങളൂന്നിടുന്നിടം
നിനക്കുവേണ്ടി മാത്രമായ് നടന്നു പിന്നിടട്ടെ ഞാൻ.

2

വഹിച്ച രാജ്യഭാരമെൻെറ തോളിലേറെ നാളുകം;
വിലപ്പെട്ടും യുവത്വമെൻ പ്രബുദ്ധതയ്ക്കു തക്കതായ്.
വിശാലഭാരതത്തിലെൻെറ ജീവിതം പ്രഭാമയം;
വരുംയുഗത്തിനൊക്കെയും സുവർണ്ണദീപ്തിദായകം.

3

വരങ്ങളാലനുക്ഷണം പ്രദീപ്തമാം, പ്രഗല്ഭമാം,
വിഭാവനസ്സുസാക്ഷിയാം മഹത്ത്വമുററ ചെയ്തികൾ
വിബുദ്ധഭാരതത്തിനായ് തുടങ്ങിവച്ചൊരമ്മതൻ
വികാരമേറെറടുത്തുഞാനിറങ്ങി രാഷ്ട്രവേദിയിൽ.

4

വിഭാതവേളതൊട്ടു രാത്രിയേറെ വൈകുവോളവും
വിശുദ്ധ കർമ്മപൂജകൾ നടത്തി ഞാൻ കൃതാത്മനായ്.
വിനാവിളംബമെൻ മനംകുളിത്തു പുണ്യപാതയിൽ;
വിവേകമാം വിളക്കുമായ് കുതിച്ചിറങ്ങി പിന്നെയും.

5

പവിത്രമായ ലക്ഷ്യമൊന്നുമാത്രമെൻെറ ചിന്തയിൽ
പ്രകാശമായുദിക്കവേ തുടിച്ചിരുന്നു ഹൃത്തടം.
വിഭൂതിദായകങ്ങളാ, മഭൂതപൂർവ്വകങ്ങളാം
വിധാനമണ്ഡപങ്ങളിൽ മുഴക്കിയെൻെറയുദ്ഘോഷവിളി.

6

ഇടയ്ക്കുകണ്ടുമുട്ടിടും കിടങ്ങുകൾ, കുടുക്കുകൾ,
ഇടംവലം കടുത്ത രക്തപാതകം വിതയ്ക്കുവോർ.
നിനക്കു സ്വസ്തിയെന്നുചൊല്ലി വന്ദനം തരുന്നവർ
നിഷിദ്ധകർമ്മപദ്ധതിക്കടിക്കുറിപ്പുചാർത്തുവോർ.

7

അടിക്കടിക്കകം നറുക്കമുഗ്രമാം, പരോക്ഷമാം,
അപായസൂചകങ്ങളാം വ്യവസ്ഥിതിക്ക പാത്രമായ്
അശക്തനായ് നിലംപതിക്ക; മോർമ്മകഠം മുറിപ്പെട്ടം;
അലംഘനീയമാം കൊട്ടം വിപത്തുകഠം നിരന്നിട്ടം.

8

പരാജയങ്ങളും വിരുദ്ധകക്ഷിക്കൂട്ടചേരലും
പരാതികഠം ശരങ്ങളായ് തൊടുത്തുവിട്ടിടുന്നതും
പലപ്പൊഴും വ്രണങ്ങളായ് കുരുത്തുപൊങ്ങിയെൻെറയും
പ്രകാശഗോപുരത്തിലും പുകച്ചിടാം കരിന്തിരി.

9

പകൽവെളിച്ചമാകിലും കവൻെറടുക്കകില്ലയോ
പുകഠംപരത്തുമെന്നിലെക്കെടാവിളക്ക പീഠവും;
പരൻെറ സ്വത്തുകിട്ടുവാൻ പതുങ്ങിയെത്തുമാളുകഠം–
പ്രശാന്തമായ മണ്ണിലും മനംകടുത്തുപോയവർ.

10

പ്രപഞ്ചസംവിധായകാ, ജയിക്ക ജീവജ്യോതിസ്സേ;
പ്രണാമമേകിടുന്നിതാ വിനീത പാദസേവകൻ.
ഭവാൻെറ പാദപൂജയാണെനിക്ക ശക്തിദായകം;
ഭവാൻെറ രാജവാഴ്ചയാണെനിക്ക മുക്തിദായകം.

11

സമൃദ്ധമായ് മഹോന്നതാ, കനിഞ്ഞു മന്ന വീഴ്ത്തുക;
സഹർഷമെൻെറ ജീവനിൽ കൃപാവരം നിറയ്ക്കുക.
സനാതനാ, നിനക്കുമുമ്പിലെൻെറയിപ്രയാണവും
സുവാർത്തയായ് ജനങ്ങളിൽ കൊളുത്തിടട്ടെ നന്മകഠം.

12

ഇഹത്തിലെൻെറ ജന്മനാട്ട സിദ്ധഹസ്തയാകണം;
ഇതിൻെറ മേന്മ ഭൂമിയിൽ ജനങ്ങളാസ്വദിക്കണം;
അസ്വസ്ഥരായ് മനംമടുത്തഗാധ ദുഃഖസിന്ധുവിൽ
അടിഞ്ഞുകൂടിടുന്നവർക്കനുഗ്രഹങ്ങളേകണം.

13

തിമത്തുപെയ്തിടും കൊടുംമഴയ്ക്കുതൊട്ടുപിന്നിലായ്
തുളച്ചുകേറിടും കൊടുംതണുപ്പുമെന്റെ കൂട്ടിനായ്.
കരൾക്കുരുന്നിനേററിടും ക്ഷതങ്ങളെന്റെ ഭാവിയെ
കരിംപുതപ്പുകൊണ്ടു മൂടുമെങ്കിലെത്ര ഭീകരം.

14

കിരാതചിത്തവൃത്തിയിൽ തഴക്കമുററ വ്യക്തികൾ
കൊലയ്ക്കുവേണ്ടിയെന്നെയും തിരിച്ചു മുദ്രകുത്തിടാം.
കുറിക്കുകൊള്ളുമാറെഴും ചതിപ്രയോഗ വിദ്യയിൽ
കരുത്തുകാട്ടിടുന്നവർ മുടക്കുമെന്റെ യാത്രയും.

15

ഉരുക്കിഭസ്‌മമാക്കുവാൻ വഴിക്കുവച്ചതന്നെയാ
ദുരന്തമോഹികൾ സദാ തിരക്കുകൂട്ടിനില്ക്കയാം;
സുരക്ഷിതത്വമെന്നിയേ കരഞ്ഞു ചങ്കുപൊട്ടുകിൽ
സുരക്ഷയേകിടും ഗുരോ, തിരുക്കരങ്ങൾ നീട്ടുക.

16

കരൾകടുത്ത പൊയ്മുഖംധരിച്ചു സത്യനിഷ്ഠരെ–
ന്നുറക്കെയേറെ നാളുകൾ പ്രഘോഷണം നടത്തുവോർ
അകമ്പടിക്കു സജ്ജരായടുത്തു കൂടിടുമ്പൊഴേ
അറുംകൊലയ്ക്കു കോപ്പുകൂട്ടി നില്ക്കയാം വിരോധികൾ.

17

കളങ്കമററകൂട്ടരെന്നുറച്ചു വിശ്വസിക്കിലും,
കൊലക്കളത്തിലാഹുതിക്കവർ വിധേയരാകിലും,
കുതിച്ചുചാടിവീണ മാരകായുധങ്ങളോങ്ങിടാം;
കടുത്ത മാനസങ്ങളിൽ കടക്കുമോ കൃപാവരം?

18

സുവർണ്ണപുഷ്‌പഹാരവും മനോജ്ഞമന്ദഹാസവും
സഖിത്വമെന്ന ഭാവവും യഥാർത്ഥമെന്ന ചിന്തയിൽ
അതീവഹൃദ്യമാം, മഹാമനസ്കതയ്ക്കു തക്കതാം
അഗാധസ്നേഹവേഴ്ചയായ് ഗണിച്ചുവീണുപോയിടാം.

## 19

നിറംകെടാത്ത പൈതൃകം പുലർത്തിയേറെ സാത്ത്വികർ
നവംനവങ്ങളാം പുരോഗതിക്കു കൂട്ടുനില്ക്കിലും,
അധോഗതിക്കു മുമ്പിലേക്കിരുട്ടിലൂടെ നീങ്ങുവോ–
രനേകരുണ്ടവർക്കു ഞാൻ കൊടുത്തിടട്ടെ കൈത്തിരി.

## 20

ഇതായിരുന്നു നിത്യമെന്റെ നാവിലൂടജസ്രമായ്
ഇരമ്പിയെന്റെ ചുററിലും പടർന്നൊരാത്മഭാഷിതം.
ഇതിന്നുവേണ്ടിയുൾത്തടം കൊരുത്തുഗദ്ഗദങ്ങളും,
ഇതിന്റെ സദ്ഫലങ്ങളായുരുത്തിരിഞ്ഞു നന്മകൾ.

## 21

മഹർഷികൾ, മനീഷികൾ, മതിപ്രഭാവമാളുവോർ
മഹീതലത്തിലെന്റെയും വിശിഷ്ട മാർഗ്ഗദർശികൾ.
തിളക്കമുററു ദർശനങ്ങ;ളെന്റെ ജീവവാടിക
തളിർത്തു പൂത്തു പൂങ്കതിർ വിളഞ്ഞു സ്വർണ്ണവർണ്ണമായ്.

## 22

കുലീനയായ പത്നിയും പ്രിയംനിറഞ്ഞ മക്കളും
കുടുംബമണ്ഡലത്തിലെ പ്രശസ്തരും പ്രഗല്ഭരും
എനിക്കു കൂട്ടുനില്ക്കവേ, മഹേശ്വരന്റെയിംഗിതം
എനിക്കു വ്യക്തമാകവേ കരുത്തുമുററി ജീവനിൽ.

## 23

കുറിച്ചുവച്ചിടട്ടെ ജീവദർശനം യഥാർത്ഥമായ്;
കുതിച്ചുയർന്നുമിന്നിടും നുറുങ്ങുചിന്തയൊക്കെയും.
കരയ്ക്കടുത്തു ജീവനൗക ലക്ഷ്യമിട്ട പട്ടണം
കരസ്ഥമാക്കിടുംവരേക്കിതെന്റെ മുഖ്യധർമ്മമാം.

## 24

ഇഹത്തിലെത്ര ദൂരെയാണു ലക്ഷ്യമിട്ടതെങ്കിലും,
ഇറങ്ങിടുന്നു ഞാനിതാ പ്രതീക്ഷതൻ വിളക്കുമായ്.
എനിക്കു പിന്നിലെത്തുവോർക്കിരുൾപ്പടപ്പുനീക്കുവാ–
നെനിക്കുദാഹമോലുമീമുഹൂർത്തമെത്ര മോഹനം.

## 25

തുടന്നിടുന്ന പുണ്യയാത്രയന്യമാം പഥങ്ങളിൽ—
തടിച്ച കല്ലുകട്ടകറം നിരന്നിടുന്നിടങ്ങളിൽ.
തിളച്ചിടുന്ന മാനസം കെടാത്ത ദാഹവഹ്നിയിൽ
തലസ്ഥമീതെയെപ്പൊഴും കറുത്തമേഘമാകിലും.

## 26

നടുക്കടൽത്തിരസ്ഥകത്തമന്നിടുന്ന സോദരർ;
നിലച്ചിടാത്ത നൊമ്പരം വിഴുങ്ങിടുന്നനേകരും.
നിരാശകൊണ്ടു ജീവിതംമടുത്തു കേണിടുന്നിവർ;
നടുക്കമേററിടുന്നിതിൻ ചരിത്രമെൻെറയുള്ളിലും.

## 27

ഹിമാലയംവരേക്കുമെൻെറ നാടുണർന്നുകാണണം;
ഹിതൈഷിയാമെനിക്കുടൻ വഹിക്കണം ജയക്കൊടി.
ഹിതോപദേശമേകുവാൻ, വിഭിന്നഭാഷയോതിടും
ഹതാശരായവർക്കു ഞാനൊരിഷ്ടമിത്രമാകണം.

## 28

ഇതാണു രാജ്യഭക്തിതൻ നറുംസുഗന്ധമേകിടും,
ഇതറംവിടത്തുമാശയാമശോകപുഷ്പമഞ്ജരി.
ഇതിൻെറഭംഗിയാസ്വദിച്ചെനിക്കു ധന്യനാകണം;
ഇതിൻെറയൂർജ്ജമാവഹിച്ചെനിക്കു ശക്തനാകണം.

## 29

ജനങ്ങളിങ്ങു സംഘമായ് വരുന്ന സഖ്യമേകുവാൻ
ജനാധിപത്യരീതികറംക്കനുസൃതം സ്വതന്ത്രരായ്;
നവീനമായ ഭാരതം പടുത്തുയർത്തിടുന്നതി—
ന്നതീവതത്പരർ മുദാ വരുന്ന സത്യസന്ധരായ്.

30

അവർക്കു തക്ക പിൻബലം കൊടുക്കണം; പ്രശാസനം
അജയ്യമായ് ഭവിക്കുവാൻ കുറിച്ചിടട്ടെ 'സമ്മതി'.
അവക്കുവേണ്ടി ജീവനും ത്യജിക്കുവാനൊരുക്കമായ്
അനൈക്യമെന്ന തിന്മയെച്ചെറുത്തു നില്ക്കണം സദാ.

31

സുഹൃജ്ജനങ്ങളിന്നെനിക്കു ഭാവുകങ്ങൾ നേരുവോർ–
സഹായഹസ്തമേകുവോർ–വിളിച്ചിടുന്നു കൂട്ടമായ്.
സ്വരാജ്യഭക്തിധന്യനായെനിക്കു സഞ്ചരിക്കണം;
സഹോദരത്വമെൻെറയും പ്രമാണരേഖയാകണം.

32

വഴിക്കുവഴ്ഗ്ഗവൈരികൾ പൊഴിച്ചിടാം കൊലച്ചിരി;
വിളംബരം നടത്തിടാമെനിക്കുവന്ന തെററുകൾ.
വിമോചകൻെറ ഭാവവും പ്രഭാഷകൻെറ വേഷവും
വിലയ്ക്കുവാങ്ങിടുന്നവർ വിരുദ്ധരായ് നിരന്നിടാം.

33

പ്രപഞ്ചസംവിധായകാ, ജയിക്ക ജീവജ്യോതിസ്സേ;
പ്രണാമമേകിടുന്നിതാ വിനീത പാദസേവകൻ.
വിധിക്കുതക്ക മൃത്യുവിൻെറ കാഹളദ്ധ്വനിക്കു ഞാൻ
വിധേയനാകിലും പ്രഭോ, മടക്കയാത്രയില്ലിനി.

34

ഉയന്നിടും കരിങ്കൊടികിടയ്ക്കു കൂടെയാകിലും
ഉലച്ചിലേശിടാത്ത വ്യക്തിമുദ്രകൾ പതിക്കുവാൻ
നിതാന്ത കമ്മധീരനായെനിക്കു വ്യാപരിക്കണം....
നിരാമയാ, വിളക്കുമായെനിക്കു കൂട്ടുനില്ക്കുക.

35

എനിക്കുമുമ്പു പോയവർ കുറിച്ച ഭാഗ്യരേഖകൾ–
എതിർക്കുവാനസാധ്യമാം ചരിത്ര സത്യരേഖകൾ–
വിളിച്ചിടുന്നുവെന്നെയും പവിത്ര ജന്മഭൂമിതൻ
വിശിഷ്ട സേവനത്തിനായ് സ്വയം പ്രതിഷ്ഠചെയ്യുവാൻ.

36

ഒരിക്കലെൻ ജനിത്രിയാം മരിച്ച രക്തസാക്ഷിയായ്;
ഒതുക്കിയെൻെറ സങ്കടം; വിതുമ്പിയെൻെറയുൾത്തടം.
അതിൻെറ ചിത്രമിന്നുമെൻ വിഭാവനാതലങ്ങളിൽ
അലങ്കരിച്ച ഭദ്രമായ് തരുന്നു സർഗ്ഗഭാവന.

37

ജ്വലിച്ച ജന്മനാടിനായ്; മരിച്ചുവീണുവെങ്കിലും
ജ്വലിച്ചിടുന്നു പിന്നെയും കെടാവിളക്കുപോലവേ.
അനശ്വരത്വമാർന്നവൾ പൊഴിച്ചിടുന്നുവെന്നിലേ–
ക്കമേയരശ്മികൾ; പരംസഹിച്ച മുക്തിനേടുവാൻ.

38

ഇതൊക്കെ വസ്തുനിഷ്ഠമാം; കുലുക്കമില്ല തെല്ലുമേ;
ഇതിന്നുമൊക്കെമീതെയെൻ ശുഭപ്രതീക്ഷപൂവിടും.
ഒരിക്കലെൻെറ മൃത്യുവിന്നടുത്ത നാളിലിത്തരം
ഒരായിരം വിളക്കുകൾ ജ്വലിക്കുമാർഷഭൂമിയിൽ.

39

അനേകകോടി വത്സരം വിശാലമായ് ഭാരതം
അമേയശക്തിദുർഗ്ഗമായ് ഭവിച്ചിരുന്നുവെങ്കിലും,
അതിന്നപൂർവ്വസിദ്ധികൾ നമുക്കു ലഭ്യമെങ്കിലും,
അകംനുറുക്കിടുംവിധം ക്ഷയിച്ച ധർമ്മശിക്ഷണം.

## 40

മനംമടുത്തു മാനവൻ നിനച്ചിടുന്ന പാതകം;
മയക്കുവിദ്യകൊണ്ടവൻ വരിച്ചിടുന്ന വൻജയം.
അതിൻെറ ദുഷ്ഫലങ്ങളിൽ കുടുങ്ങിടുന്ന സജ്ജനം –
അലക്തികപ്രകാശമീ ധരസ്സമേല്പതിർത്തവർ.

## 41

പരസ്പരം കയുത്തു നാം; കഠാരകാം മിനുക്കി നാം;
പരൻെറ രക്തബിന്ദുവിൽ കുതിത്തു മാരകായുധം.
കനത്ത പാരിതോഷികം കൊതിച്ച ജീവഹാനിയും
കലാപവും പ്രസക്തമായ് ഗണിച്ച നമ്മളൊക്കെയും.

## 42

കഠോരമാം വിപത്തുകാം വരുത്തിവയ്പു ദുർജനം–
കരാംത്തടത്തിലഗ്നിതൻ കനൽ വഹിച്ചിടുന്നവർ.
കതിർക്കുലസ്സുകത്തവർ കൊടുംവിഷം കലത്തവേ
കരഞ്ഞു നെഞ്ചുപൊട്ടിടുന്നനേകരാർത്തചിത്തരായ്.

## 43

തളച്ചനിത്തുവാനെനിക്കടുത്തു വന്നുകൂടുമോ
തരാതരം മുഖസ്തുതിക്കടിപ്പെടുന്ന വൈരികാം?
തടുത്തുമാററിയാത്മനാ കരുത്തു സംഭരിക്കുവാൻ
തനിച്ചുവയ്യെനിക്കിനി; കൃപാനിധേ, വരം തരു.

## 44

ജനാധിപത്യഭാരതം ഭുവിക്കു ശക്തിയാകണം;
ജ്വലിച്ച നിത്യധന്യമാം പ്രകാശദീപമാകണം.
ജനങ്ങാംതൻ നിയോഗവും പവിത്ര ദശ്നങ്ങളാൽ
ജഗത്തിനാത്മസൗഷ്ഠവം കൊളുത്തിടുന്നതാകണം.

59329

## 45

പ്രപഞ്ചസംവിധായകാ, ജയിക്കജീവ ജ്യോതിസ്സേ;
പ്രണാമമേകിടുന്നിതാ വിനീതപാദസേവകൻ.
പ്രകാശരൂപനാം പ്രഭോ, നിനക്കു മുമ്പിലെൻെറയീ
പ്രസക്തചിന്തകാംക്ക നീ നിറപ്പകിട്ടു രുകണേ.

## 46

ഇതെൻെറ ധർമ്മസങ്കടം കടഞ്ഞെടുത്ത വാക്കുകാം;
ഇതെൻെറ ജീവധാരയിൽക്കുതിന്ന ജീവദർശനം.
ഇതിൻെറ വിൺവെളിച്ചമെൻ സ്വരാജ്യഭക്തിപൂജയിൽ
ഇരുട്ടകററിടുന്നതാം സുഖസ്ഥിതിക്കൊരാമുഖം.

## 47

ജനാധിപത്യനിഷ്ഠമാം പരിഷ്കൃതിക്കുവേണ്ടി ഞാൻ
ജയിച്ചടക്കുമെൻെറയും കടുത്ത വ്യക്തിപൂജകാം.
ജനങ്ങളെൻെറ തോളിലേക്കെടുത്തു വച്ചിടുന്നതാം
ജനാഭിലാഷമൊക്കെയും മുറയ്ക്കു പൂർത്തിയാക്കണം.

## 48

ജഗത്പിതാവെ, നീയെനിക്കുതന്ന സിദ്ധിയാകവേ
ജ്വലിച്ച കാന്തിപൂരമായ് ധരയ്ക്കു നേട്ടമാകണം;
ജലപ്രവാഹമെന്നപോലതിൻെറ തുള്ളിയാകവേ;
ജലാഗ്നിയായ് പടർന്നുടൻ കരുത്തു വ്യാപ്തമാക്കണം.

## 49

പ്രകാശമുററഭൂമിയായ് ലസിച്ചിടട്ടെ ഭാരതം;
പ്രജാധിപത്യസുസ്ഥിതിക്കിണങ്ങിടട്ടെ സുസ്ഥിരം;
സുരമ്യ ശക്തിഗംഗതൻ പ്രവാഹമേററുണർന്നിടും
സുനിദ്രവിട്ടു നാട്ടിലെക്കിളുന്ന മക്കളൊക്കെയും.



DHARMARAM COLLEGE LIBRARY
BANGALORE - 29

## 50

ജനങ്ങളൊത്തു കൂടിടുന്ന സർവ്വതാവളങ്ങളും
ജയാരവത്തിനൊത്തിനിക്കുളിർമ്മ കൈവരിക്കുകിൽ,
ഒരിക്കലെൻെറ കർമ്മപൂജ പൂത്തു പന്തലിക്കുകിൽ,
ഒഴുക്കുമെൻെറ വീക്ഷണം വിശുദ്ധിതൻ തരംഗിണി.

## 51

ജനങ്ങളെൻെറ പക്കലേക്കട്ടെത്തുഘോഷയാത്രയായ്;
ജയക്കൊടിക്കു ചുററിലും സമൂഹനർത്തനങ്ങളായ്.
ജയദ്ധ്വനിക്കു സീമയററു;ദാത്തദർശനങ്ങളാൽ
ജ്വലിച്ചുമിന്നിയെത്രയും സമത്ഥരായ നാട്ടുകാർ.

## 52

കുലീനരായ പൂർവ്വികർ പകർന്നുവച്ച പൈതൃകം;
കരാംക്കരുത്തിനാസ്പദം, പ്രബുദ്ധതക്കു കാരണം.
കളങ്കമററ ദേശഭക്തിയെന്നൊരൊററ വീക്ഷണം
കുരുന്നു ഹൃത്തടത്തിലും കൊളുത്തിയെൻെറയുററവർ.

## 53

സുവൈകവൃത്തിവിട്ടവർ പ്രകീത്തിതർ, പ്രകാശിതർ–
സമൃദ്ധമാം ഗുണങ്ങളാലനുഗ്രഹീതരായവർ–
ശുഭാപ്തിചിന്ത പൂവിടും വരങ്ങാം സ്വന്തമാക്കിയോർ–
സഹപ്രവർത്തനത്തിനായ് മുതിർന്നു ധമ്മസേവകർ.

## 54

മതിപ്രകാശമാളുവോർ പ്രഘോഷണം നടത്തി; ''യീ
മണിക്കിരീടധാരിയായ് തിളങ്ങുമാർഷഭാരതം
മഹാമനീഷികരാംക്കെഴും പവിത്രമായ ചിന്തയാൽ
മമത്വഭാവസിന്ധുവിൽ തുടിച്ചിടട്ടെ സർവ്വദാ.

55

കരങ്ങ‌ൾ കോർത്തു ജയ്‌വിളിച്ചിറങ്ങണം നമുക്കിനി;
കവിഞ്ഞ ദേശഭക്തിയിൽ തുടിക്കണം നമുക്കിനി.
കലാപചിന്ത കൈവിടും ജനപ്രമാണികൾക്കിനി
കളങ്കമററ നന്മതൻ പ്രചാരണങ്ങൾ മാത്രമാം.

56

വിധിക്കു കീഴ്പ്പെടേണ്ടതായ്‌വരുന്ന നാളിലേക്കുനാം
വിശ്വസ്തമായ കൈമുതൽ തനിച്ചു സംഭരിക്കണം.
സുദീപ്തമായ ബുദ്ധിയിൽ പരംപൊരുൾ കുറിച്ചതാം
സഹോദരത്വമെന്നമീ വഴിക്കു പൂപൊഴിക്കണം.

57

വിദേശശക്തികൾക്കെഴും പ്രശസ്ത ശാസ്ത്രവിദ്യകൾ
വിദഗ്ദ്ധമായ് പഠിച്ചുനാം വരിക്കണം പുരോഗതി.
പ്രവർത്തനത്തിനെത്രയും പ്രവീണരായ വ്യക്തികൾ
പ്രബുദ്ധരായ്, പ്രകാശ്യരായ് വിളങ്ങിടട്ടെ സർവ്വഥാ.''

58

തുടിച്ചു ശക്തിസാഗരം; ജനിത്രിയാഷ്ട്രഭൂമിയാൾ
പടുത്തുയർത്തിയെത്രയും പവിത്ര കർമ്മമേഖല.
തുടൻ്റെ ജൈത്രയാത്രകൾ; ഹിമാചലംവരേക്കുമാ
തുടിപ്പുകൾ സമസ്തദിക്‌തലത്തിലും പ്രഫുല്ലമായ്.

59

ജനങ്ങളെൻെറ കൈത്തലംപിടിച്ചു മുന്നിറങ്ങവേ,
ജനാധിപത്യസ്നേഹികൾ കരുത്തരായ്‌നിരക്കവേ,
പരാജയം വരിച്ചവർ, പ്രതീക്ഷയററുപോയവർ
പരിഭ്രമിച്ചുകൂട്ടമായ് പടയ്ക്കൊരുങ്ങിയക്ഷണം.

60

പ്രശംസതൻ സുധാരസം, സുരമ്യപുഷ്പമഞ്ജരി,
പ്രമോദമേററിടുന്നതാമുണർത്ത്ഗാനമേളകാം;
ഇവയ്ക്കിടയ്ക്കുമെൻമനം തകർത്ത് തീവ്രവാദികാം;
ഇതിൽപരം വിപത്തുകാം കമിഞ്ഞു ദുഃഖസ്വപ്നമായ്.

61

എനിക്കുചുററിലുംനിരന്നനേക ദേശവാസികാം
എതിർധ്രുവങ്ങളിൽ പടയ്ക്കൊരുക്കമിട്ടുവെങ്കിലും,
എനിക്കു സഖ്യമേകുവാനൊരുക്കമെന്നു ചൊല്ലിയ-
ങ്ങെതിർപ്പുവിട്ട മൈത്രിതന്നുരുക്കുകോട്ടതന്നിലായ്.

62

ഇഹത്തിനൂർജ്ജകേന്ദ്രമായ് പകർത്തിയെൻെറ നാടിനെ
ഇരുട്ടുനീക്കിയെത്രയും പ്രകാശമാനമാക്കുവാൻ
ഇരുണ്ട പാതമുക്കിലും കടക്കണം പ്രകാശമായ്-
ഇതിന്നുവേണ്ടിയെൻമനം തുടിച്ചിരുന്നു നിത്യവും.

63

എനിക്കുലഭ്യമായ സ്നേഹസഖ്യമാം മഹാനിധി
അനിത്യമെങ്കിലും ഫലം വിളഞ്ഞിടും സമൃദ്ധമായ്;
അനേകരിൽ ശുഭാശതൻ വിളക്കു കൺതുറന്നിടും-
അനൈക്യമാമിരുട്ടിലങ്ങകപ്പെടില്ല നാമിനി.

*　　*　　*　　*

64

തുടർന്നു ശ്രീപെരുമ്പുതൂരിലെത്തണം നമുക്കിനി;
തളർന്നുറങ്ങുവാനിനിത്തരപ്പെടില്ല നിശ്ചയം.
തലയ്ക്കുമേലെയുഗ്രമാം വിപത്തുവന്നിടിക്കിലും
തുനിഞ്ഞുനാമിറങ്ങണം—കഥിച്ച ദേശസ്നേഹികാം.

65

തമിഴ് പ്രദേശമാകവേ നമുക്കു സഞ്ചരിക്കണം;
തിളയ്ക്കണം ജനങ്ങൾതൻ നിവാസഭൂമിയൊക്കെയും.
ഫലം തരുന്നൊരീശ്വരൻ നമുക്കു കൂട്ടനില്ക്കുകിൽ
ഫലിക്കുമി പ്രയാണവും ജയിക്കുമി പ്രതീക്ഷയും:

66

ഇതെൻെറയാത്മസ്നേഹിതർ മനോതലത്തിലാഴമായ്
ഇനംതിരിച്ചു ഭദ്രമായ് കുറിച്ചുവച്ച ദർശനം.
ഇതിൻെറ കാവ്യഭംഗിയിൽ സുരമ്യരശ്മിയാവഹി-
ച്ചിതൾ വിടർത്തിയെൻെറയും കുരുന്നു പുഷ്പമൊട്ടുകൾ.

67

ഒരുങ്ങിയങ്ങിറങ്ങവേ കരങ്ങൾ വീശിയെൻ പ്രിയർ—
ഒരിക്കലും വിരുദ്ധരായ് മുഖം തിരിച്ചിടാത്തവർ;
ഒരൊററ നാളുപോലുമെൻ മനഃസ്ഥിതിക്കൊരിക്കലും
ഒതുങ്ങിടാത്ത ചെയ്തികൾ മറുത്തു പുൽകിടാത്തവർ.

68

വിതുമ്പിട്ടുരെനില്ക്കുവോരെനിക്കു നേർന്നു ഭാവുകം:
“വഴിക്കൊരൊററ ജീവിയും വിഘ്നാതമാകയില്ലിനി.
തിരിച്ചുവന്നിടുംവരേക്കുണർന്നു കാത്തിരുന്നിടാം ...
തളർന്നിടാതെ സേവനം വിതച്ചു മുന്നിറങ്ങുക.

69

അടുത്തഭാവിയേററവും ഭയാനകത്വമുള്ളതെ—
ന്നറിഞ്ഞുകൊണ്ടുതന്നെയങ്ങിറങ്ങി ധർമ്മദൂതുമായ്.
അനശ്വരൻ കനിഞ്ഞൊരിക്കലെൻെറ ദേശസേവനം
അനുഗ്രഹിക്കുമെന്നു ഞാനുറച്ചു വിശ്വസിക്കയായ്.

## 70

രാജീവരത്നമെന്ന ധന്യനാമധേയമേകിയോർ
രസജ്ഞരാം പിതാക്കളാലനുഗൃഹീതനാണു ഞാൻ;
എനിക്കുവേണ്ടിയന്നവർ പഠിച്ചറിഞ്ഞ ജാതകം
എനിക്കു മാർഗ്ഗരേഖയായ് തിളങ്ങിടുന്നു സന്തതം-

## 71

സ്വയം മറന്നു; ജന്മനാടെനിക്കൊരമ്മയാകവേ
സ്വകീയമായ സർവ്വതും വെടിഞ്ഞവർക്കുവേണ്ടി ഞാൻ.
മുഴക്കിയങ്ങു സൂക്തികൾ; നടക്കിയങ്ങു ദിക്കുകൾ;
മനോഹരം സുഭാഷിതം മഹിക്കു മംഗളോദയം.

## 72

പ്രിയംകരങ്ങളായ കർമ്മവേദികൾ തുറക്കവേ,
പ്രഭാതസൂര്യരശ്മിതൻ തലോടലേററു നീങ്ങവേ,
പ്രദീപ്തമായ മണ്ണിലെൻ പദങ്ങളൂന്നിനില്ക്കവേ,
പ്രമോദചിത്തനായ്; സ്വരംതെളിഞ്ഞു; സംഘഗാനമായ്.

## 73

സുഭദ്രമായ ചിന്തയിൽ തുടിച്ചു ജീവധാരകൾ
സുദീപ്തമായ സിദ്ധികൾ വിടർന്നു വെൺമലുകവേ.
സവിസ്തരം പഠിച്ചറിഞ്ഞു ജീവിതത്തിലാഴമായ്
സ്വരാജ്യഭക്തിയെന്ന ജീവമന്ത്രവും പ്രമാണവും.

## 74

പ്രപഞ്ചശക്തിയൊന്നടങ്കമെൻെറയാത്മസത്തയിൽ
പ്രഭാവമേകി;യെത്രയും കരുത്തെനിക്കു ലഭ്യമായ്.
വിശിഷ്ട കർമ്മസാധനങ്ങളുഴിഞ്ഞു വച്ചുജീവിതം;
വിലപ്പെട്ടും യുവത്വവും തളിർത്തു സുന്ദരാഭമായ്.

75

മഹർഷികൾ-വിളക്കുവച്ചു മന്ത്രമുച്ചരിപ്പവർ-
മതിപ്രഭാവശാലികൾ-കൊളുത്തിവച്ച സംസ്കൃതി
നിരന്തരം സുഗന്ധമായ് പടർന്നു ജന്മനാടിതിൽ
നിറഞ്ഞുമുറ്റിടുന്നതിന്നകം തുടിച്ചു ശക്തമായ്:

76

മുഖപ്രസാദമേകുമിത്തുടിപ്പുകൾ യഥാവിധി
മനോരഥത്തിലാദ്യമായ് തെളിച്ചു പൊന്നുപൂത്തിരി.
അതിന്റെ ശോഭനീയമാം പ്രകാശരശ്മിയേല്ക്കവേ
അകം ജ്വലിച്ചു; ജന്മനാടെനിക്കു സ്വർഗ്ഗഭൂമിയായ്.

77

പെരുമ്പുളൂരിലേക്കു ചെയ്ത യാത്രയിൽ യശസ്വികൾ,
പ്രഭാവശാലികൾ മുദാ നിരന്നുനിന്നകമ്പടി;
പ്രതീക്ഷകൾക്കു പുത്തനാം ഫലങ്ങൾകൊയ്തെടുക്കുവാൻ
പ്രശസ്തസേവനത്തിനായ് സ്വയം പ്രതിഷ്ഠചെയ്തവർ.

78

മുതിർന്നവർക്കു മുന്നണിപ്പടയ്ക്കു തുല്യമെത്തുവാൻ
മുതിർന്നു പിഞ്ചുമക്കളും സമർത്ഥരാം യുവാക്കളും.
കുളിർമ്മതൂകിടും മണിക്കുരുന്നു പൂക്കളാദരാൽ
കൊരുത്തൊരുക്കി സസ്മിതം പകിട്ടണിഞ്ഞ ചെണ്ടുകൾ.

79

തുടർന്നു ജൈത്രയാത്രകൾ; വിലങ്ങടിച്ചു നില്ക്കുവാൻ
തിരക്കു കൂട്ടിടാതെയായ് മഹാവിരുദ്ധശക്തികൾ.
കടന്നുപോയ വീഥിയിൽ ജനപ്രവാഹമേറെയായ്;
കുതന്ത്രമേശിടുന്നവർക്കകം തുളച്ചു ഭീഷണി.

## 80

കരം വിരിച്ചു നിന്നു ഞാൻ തുറന്ന ദൂരവണ്ടിയിൽ;
കഴുത്തു മൂടിടുംവിധം സുഗന്ധപുഷ്പമാലയാൽ.
കരങ്ങൾകൊണ്ടു നെററിയിൽ വരച്ചു ചന്ദനക്കുറി
കൃതാർത്ഥരായ് ഭവിച്ചവർ മുഴക്കി ഹർഷഗീതികൾ.

## 81

സ്വതന്ത്രരായനേകരെൻ സമീപമെത്തി സാദരം;
സഖിത്വമെന്ന സിദ്ധിയാൽ തിളങ്ങിടുന്ന സജ്ജനം.
അതിൻെറ സത്പ്രകാശമെൻ കരാംത്തടത്തിലൂർജ്ജമായ്
അമർന്നിരുന്നു വൈദ്യുതീസ്ഫുലിംഗമെന്നപോലവേ.

## 82

അനേകലക്ഷമാളുകൾ–വിഭിന്ന വേഷഭൂഷകൾ
അണിഞ്ഞിരുന്ന നാട്ടുകാർ–നിറഞ്ഞു താവളങ്ങളിൽ.
അവർക്കു സ്നേഹചിഹ്നമായ് കൊടുത്തു കയ്യിലെത്തിയോ–
രമോഘവസ്തുവൊക്കെയും കുളിർത്ത പുഞ്ചിരിക്കിടെ.

## 83

പെരുമ്പുതൂരിലെത്തിയെൻെറയമ്മ–ഇന്ദിരാജി–തൻ
പടംവണങ്ങിടുന്നതിന്നെനിക്കൊരുൾപ്രചോദനം;
അതിന്നു തക്ക സംവിധാനമേകുവാൻ തിടുക്കമി–
ട്ടകമ്പടിക്കു നിന്നവർ, നിരീക്ഷണത്തിനെത്തിയോർ.

## 84

കരം തുടുത്തു; രാഷ്ട്രമെൻെറ സ്വന്തമെന്നപോലെയായ്;
കടൽത്തിരയ്ക്കു തുല്യമായ് ജനത്തിരക്കു ശക്തമായ്.
അടുത്തുകൂടി നില്ക്കുവാൻ തിരക്കിയെത്തിയാളുകൾ–
അഗാധമായ മൈത്രിതൻ നിലാവെളിച്ചമേകുവോർ.

## 85

അടുക്കിവച്ച തേൻകണം പൊഴിച്ചിടുന്ന പൂവുകാം,
അനേകരന്നെനിക്കവേണ്ടി നെയ്യെടുത്ത ചെണ്ടുകാം.
അവയ്ക്കിടയ്ക്ക കണ്ണുകാം കവർന്നിടുന്ന മുത്തുകാം;
അതിന്നുമീതെ മിന്നിയങ്ങമൂല്യ സ്നേഹകാഴ്ചകാം.

## 86

നമിച്ചുഞാൻ കരങ്ങാംകൂപ്പി;യെൻെറയിഷ്ടതോഴരിൽ
നലംതികഞ്ഞവാണികാം പൊഴിച്ച സ്നേഹലോലനായ്.
അടുത്തുവന്ന കണ്മണിക്കരുന്നുകാംക്ക മാത്രമായ്
അനല്പമോദമോടുടൻ കൊടുത്തു സ്നേഹചുംബനം.

## 87

എനിക്കതോളിലിട്ടുതന്ന പൊന്നുവേഷ്ടിയേറെനാം
എനിക്കവേണ്ടി ഭദ്രമായൊരുക്കി വച്ചിരുന്നതാം;
അതിൻെറ നെയ്ത്തുവേലയിൽ സമത്ഥരായ ശില്പികാം
അതുല്യ സ്വാമിഭക്തിയിൽ സ്വയം മറന്നതായ്‌വരാം.

## 88

അനർഗ്ഗളം മുഴക്കിയെൻെറ ചുററിലും നടന്നുകൊ—
ണ്ടനേക ദേശവാസികാം വഹിച്ചിരുന്ന കാഹളം.
അതിന്നിടയ്ക്ക പൂമഴയ്ക്കൊരുങ്ങിയെൻെറ സ്നേഹിതർ;
അവക്കവേണ്ടിയും മുദാ പൊഴിച്ചിരുന്നു പുഞ്ചിരി.

## 89

കടുത്ത സ്നേഹവഹ്നിയാലെരിഞ്ഞൊരാദിവാസികാം
കടിച്ചുസ്നേഹമുദ്രകാം പകത്തിയെൻ കവിാംത്തടേ.
അതിന്നുമുമ്പിലെൻ കരാം വിതുമ്പിടുന്നവേളയിൽ
അടുത്ത കാവലാളികാം തരിച്ചുനിന്നു ഭീതരായ്.

90

വിശപ്പു കാന്തതിന്നിടുന്ന വേളയാണതെങ്കിലും,
വിശിഷ്ട ഭോജനത്തിനായ് മനം കൊതിച്ചുവെങ്കിലും,
അതൊക്കെസ്വാത്മപൂജയായ് ഗണിച്ചു;സത്യസന്ധനായ്;
അകന്നു മാറിടാതെയെൻ ജനത്തൊടൊത്തുകൂടി ഞാൻ.

91

തടുത്തുമാററിയെങ്കിലും, കരുത്തരായി വന്നവർ
തളത്തിയെൻ കരങ്ങളിൽ പിടിച്ചുതൂങ്ങിനില്ക്കവേ.
തകത്തുമുള്ളുവേലികൾ; കടന്നടുത്തു സവ്വരും;
തിളച്ചുപൊങ്ങിടും പെരുംകടൽപ്പരപ്പുപോലെയായ്.

92

എനിക്കുചുററുമായിരങ്ങളൊത്തുകൂടിയെങ്കിലും,
എനിക്കു ഭക്ഷ്യപേയമങ്ങൊരുക്കിവച്ചുവെങ്കിലും,
അവക്കിടയ്ക്കുമുഗ്രമാം വിഷംവമിക്കുമാളുകൾ
അതീവ ജാഗരൂകരെന്നറിഞ്ഞതില്ലതെല്ലുമേ.

93

പെരുമ്പുതൂരിലെൻെറ ജീവരക്തമിററുവീഴുമോ.... ?
പരാജിതർ പ്രകോപിതർ കഴുത്തറുത്തുകൊല്ലുമോ.... ?
ചതിക്കുവേണ്ടിയെത്രയും പ്രവീണരായ ഘാതകർ
ചവിട്ടടിക്കടുക്കലും കടന്നുവന്നൊളിക്കുമോ ?

94

ഒരിററുസംശയംവിനാ വിനമ്രനായ്ഭവിക്കവേ
ഒരായിരങ്ങളെങ്കലേക്കടുത്തു തൊട്ടുകുമ്പിടാൻ.
ഒരുത്തിയെൻ പദങ്ങളിൽ നമസ്കരിച്ചവേളയിൽ
.... ഒരിക്കലുംനിനച്ചിടാത്തൊരുഗ്രമായ സ്ഫോടനം.... !

* * * *

## 95

രാജീവരത്നമേ വിട....രാജീവജ്യോതിയേ വിട....
അജയ്യനായിരുന്നുനീയിഹത്തിലീദിനംവരെ.
ഉരുക്കിനിൻെറ നെഞ്ചിനെപ്പിളർന്നുകൊണ്ടശക്തമായ്
ഉതിർന്നവീണ തീക്കനൽ വിഴുങ്ങി നിൻെറ മേനിയെ.

## 96

നിനക്കുവേണ്ടിയീശ്വരപ്രസാദമേററു വാങ്ങുവാൻ
നിറഞ്ഞ കൺകളോടിവർ തപങ്ങളാം ചെയ്തിടുന്നിതാ!
കരഞ്ഞു നെഞ്ചുപൊട്ടിടുന്നസംഖ്യമാത്മസ്നേഹിതർ....
കലങ്ങിടുന്നു....നെഞ്ചകത്തുരുക്കിടുന്ന നൊമ്പരം....!

## 97

നിനക്കു നിത്യവിശ്രമം വരിപ്പതിന്നു നേരമായ്....
നിനക്കു ഭൂമിദേവിയാളൊരുക്കിവച്ച പട്ടട!
ദഹിച്ചു പഞ്ചഭൂതമായ് ഭവിച്ചു ദേഹമെങ്കിലും,
ദഹിക്കയില്ല നിന്നിലെ പ്രകാശമുററ ചേതന.

## 98

ചിതയ്ക്കുതീകൊളുത്തി നിൻ പ്രിയംനിറഞ്ഞ രാഹുലൻ , ,,
ചിതാഗ്നിനിന്നിലാളവേ സജീവ കർമ്മസാക്ഷിയായ്.
നിറഞ്ഞുകത്തിടും ചിതയ്ക്കടുത്തു ധർമ്മപത്നിയാം
നടുങ്ങി;യപ്പുകച്ചുരുൾ വിഴുങ്ങി നിൻെറ സോണിയാ !

## 99

നിനക്കശേഷമാഷ്ഭുവിന്നുജ്വല പ്രകാശമായ്
നിതാന്തരശ്മിതൂകിടും പ്രിയങ്ക, രാഹുലെന്നിവർ
ചരിത്രരേഖയിൽ ചിരം തെളിഞ്ഞിടും സുഭദ്രമായ്;
ചിരാഭിലാഷമാകവേ പളുങ്കുമൊട്ടണിഞ്ഞിടും.

100

വരുന്നവത്സരങ്ങളിൽ ജനങ്ങൾതൻ പ്രതീക്ഷകൾ
വിളഞ്ഞു സ്വർണ്ണവിത്തുകൾ മുളച്ചിടട്ടെയൂഴിയിൽ.
ഇഹത്തിലാർഷഭാരതം കരുത്തിയന്ന ഭാവിയിൽ
ഇരമ്പിടുന്ന ശക്തിയായ് ഭവിച്ചിടട്ടെ നിത്യവും.

101

വരങ്ങൾത്തുകിടും കൃപാനികേതനൻ പരംപൊരുൾ
വിനീതദാസനാം നിനക്കൊരുക്കി പാരിതോഷികം.
നിനക്കു സ്വർഗ്ഗഗോപുരം തുറന്നുവച്ചു വാനവർ;
നിനക്കു രക്തസാക്ഷിതൻ കിരീടമേകിയീശ്വരൻ !

## —കാപ്പൻകവി

DC Library
*00059329*
T61 K14


മലയാളകവിതയുടെ തിരുമുററത്തേക്കു് സധൈര്യം കടന്നുവന്ന ഒരു പ്രതിഭാശാലിനിയാണു് റോസക്കുട്ടി കാപ്പൻ ദൈവസ്നേഹത്തിൻെറ നറുമണം തുളുമ്പുന്ന കാപ്പൻ കവിതകൾ ഒരമൃതധാരപോലെ ആസ്വാദകരെ പുളകം കൊള്ളിക്കുന്നു. ഈശ്വരസന്നിധാനത്തിങ്കലേക്കു് വായനക്കാരെ കൈപിടിച്ചുയർത്തുന്ന ഐന്ദ്രജാലിക ശക്തി ഈ കവിതകൾക്കുണ്ടെന്നു് ആരും സമ്മതിക്കും. റോസക്കുട്ടി കാപ്പൻ ഇന്നു മലയാളത്തിലെ തലയെടുപ്പുള്ള ഒരു കവയിത്രിയാണു്. മൂന്നൂറിലധികം കാപ്പൻ കവിതകൾ വിവിധ പത്രമാസികകളിലൂടെ പ്രകാശിതമായിട്ടുണ്ടു്; ഒന്നരഡസനോളം പുസ്തകങ്ങളും. തുമ്പപ്പൂവിൻെറ വിശുദ്ധിയും പനിനീർപൂവിൻെറ സൗരഭ്യവും കണിക്കൊന്നപ്പൂവിൻെറ വർണ്ണസൗകുമാര്യവും ഒത്തിണങ്ങുന്നു കാപ്പൻ കവിതയിൽ.

വിതരണം

**ജനാത ബുക്ക് സ്ററാൾ**

**തേവര. കൊച്ചി-682013**

Brs: തേവര, എറണാകുളം, ആലുവ, ചേർത്തല,
വൈക്കം, കോതമംഗലം, അങ്കമാലി, കാലടി,
പറവൂർ, മൂവാററുപുഴ, തൊടുപുഴ



# രാജീവരത്നം

K 14

...ാസക്കുട്ടി കാപ്പൻ

shilpa

Indic Digital Archive Foundation
gpura.org